ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 24.06.2025**

## പ്രധാനവാർത്തകൾ

1. ശ്രീനാരായണ ഗുരുദേവന്റെ ദർശനങ്ങൾ ലോക നന്മയ്ക്ക് നിലകൊള്ളുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ശ്രീനാരായണ ഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദി ആഘോഷങ്ങൾ പ്രധാനമന്ത്രി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.

2. ആഗോള സമൂഹത്തിന് ആശ്വാസമായി ഇറാൻ - ഇസ്രയേൽ വെടിനിർത്ത നിലവിൽ വന്നു.

3. അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശിനി രഞ്ജിതയ്ക്ക് വിട നൽകാൻ ജന്മനാട്. സംസ്കാരം ഇന്ന് വൈകിട്ട് പുല്ലാട്ടെ വീട്ടുവളപ്പിൽ.

4. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൻറെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കം.

5. ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻശു ശുക്ല ഉൾപ്പെട്ട ദൗത്യം ആക്സിയം-4 നാളെ വിക്ഷേപിക്കുമെന്ന് നാസ.

RNU TVPM

********************************

### സമാഗമ ശതാബ്ദി-പ്രധാനമന്ത്രി.. (ഇൻട്രോ)

ശ്രീനാരായണ ഗുരുദേവനെ പോലുള്ള നവോത്ഥാന നായകന്മാരുടെ ദർശനങ്ങളാണ് ലോക നന്മയ്ക്ക് ആധാരമെന്ന്

പ്രധാനമന്ത്രി നരേന്ദ്ര മോദി. ശ്രീനാരായണ ഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദി ആഘോഷങ്ങൾ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്... )

ശ്രീനാരായണ ഗുരുദേവനെ പോലെയുള്ള സാമൂഹ്യ പരിഷ്കർത്താക്കളുടെ ആശയങ്ങൾ പിന്തുടർന്നതിനാലാണ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വലിയ കുതിപ്പുണ്ടായതെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു.

(വോയിസ്.....)

പാർലമെന്റ് അംഗം അടൂർ പ്രകാശ്, ശിവഗിരി മഠത്തിലെ സന്യാസിമാർ, ആത്മീയ നേതാക്കൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. 1925 മാർച്ച് 12 ന് മഹാത്മാഗാന്ധി ശിവഗിരി മഠം സന്ദർശിച്ച വേളയിലാണ് ശ്രീനാരായണ ഗുരുവുമായുള്ള ചരിത്രപരമായ സംഭാഷണം നടന്നത്. വൈക്കം സത്യഗ്രഹം, അഹിംസ, അയിത്തം നിർത്തലാക്കൽ, അധഃസ്ഥിതരുടെ ഉന്നമനം എന്നീ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തിരുന്നു.

RNU TVPM

********************************

## ഇറാൻ - ഇസ്രയേൽ വെടിനിർത്തൽ

ആഗോള സമൂഹത്തിന് ആശ്വാസമായി ഇറാൻ - ഇസ്രയേൽ വെടിനിർത്തൽ നിലവിൽ വന്നു. വെടിനിർത്തൽ കൊണ്ടുവന്നതായി ഇറാൻറെ ഔദ്യോഗിക മാധ്യമം റിപ്പോർട്ട് ചെയ്തു. ഖത്തറിലെ അമേരിക്കൻ വ്യോമതാവളത്തെ ലക്ഷ്യം വച്ച് ഇറാൻ മിസൈൽ ആക്രമണം നടത്തി മണിക്കൂറുകൾക്ക് ശേഷമാണ് വെടിനിർത്തൽ നിലവിൽ വന്നത്.

********************************

## വിമാന സർവീസ്

ഇറാൻ ആക്രമണത്തെ തുടർന്ന് വിവിധ വ്യോമപാതകൾ അടച്ചതോടെ ഇന്ത്യയിൽ നിന്നുള്ള നിരവധി വിമാന സർവീസുകൾ റദ്ദാക്കുകയും വൈകുകയും ചെയ്തു. സ്ഥിതിഗതികൾ കേന്ദ്ര സർക്കാർ നിരീക്ഷിച്ചു വരികയാണെന്നും വിമാനക്കമ്പനികളുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ടെന്നും വ്യോമയാന മന്ത്രി കെ. രാം മോഹൻ നായിഡു പറഞ്ഞു. അതേസമയം, വിമാന സർവീസുകളിലെ മാറ്റം യാത്രക്കാരെ ഏറെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. പ്രധാനമായും ലണ്ടൻ, ദുബായ്, ബഹ്റൈൻ, അബുദാബി, ഷാർജ, സിംഗപ്പൂർ തുടങ്ങിയ അന്താരാഷ്ട്ര സർവീസുകളെയാണ് ബാധിച്ചത്. സംസ്ഥാനത്ത് തിരുവനന്തപുരം, കണ്ണൂർ, കരിപ്പൂർ വിമാനത്താവളങ്ങളിൽ നിന്നുള്ള സർവീസുകളിൽ മാറ്റമുള്ളതിനാൽ യാത്രക്കാർ അറിയിപ്പുകൾ ശ്രദ്ധിക്കണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു.

******************************************

## രഞ്ജിത- സംസ്കാരം

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശിനി രഞ്ജിത ഗോപകുമാരൻ നായരുടെ സംസ്കാരം ഇന്ന് നടക്കും. തിരുവനന്തപുരം വിമാനത്താവളത്തിൽ രാവിലെ എത്തിച്ച മൃതദേഹത്തിൽ മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ. അനിൽ ഉൾപ്പെടെയുള്ള പ്രമുഖർ അന്തിമോപചാരം അർപ്പിച്ചു. രഞ്ജിത പഠിച്ച പത്തനംതിട്ട പുല്ലാട്ട് ശ്രീ വിവേകാനന്ദ ഹൈസ്കൂളിൽ മൃതദേഹം പൊതുദർശനത്തിന് വെച്ചിരിക്കുകയാണ്. മന്ത്രി വി എൻ വാസവൻ ആദരാഞ്ജലി അർപ്പിച്ചു. സംസ്കാരം വൈകിട്ട് വീട്ടുവളപ്പിൽ നടക്കും.

******************************************

RNU TVPM

## പി. രാജീവ്

പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൻറെ ഒരു വർഷം നീളുന്ന സുവർണ്ണ ജൂബിലി ആഘോഷത്തിൻറെ ഉദ്ഘാടനം മന്ത്രി പി. രാജീവ് ഇന്ന് നിർവ്വഹിക്കും. ചേർത്തലയിലെ സിൽക്ക് സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽ വൈകിട്ടാണ് പരിപാടി. സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ലോഗോ പ്രകാശനവും മന്ത്രി നിർവഹിക്കും.1975 ൽ സംസ്ഥാന സർക്കാർ തുടക്കമിട്ട സ്ഥാപനമാണ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്. കൊച്ചിൻ ഷിപ്പിയാർഡ് ഉൾപ്പെടെയുള്ള വൻകിട കമ്പനികളുമായി സഹകരിച്ചാണ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്.

*************************************

RNU TVPM

## പുസ്തക പ്രകാശനം- മുഖ്യമന്ത്രി

ഭരണഘടനാ നിർമ്മാണസഭാ ചർച്ചകളുടെ മലയാള പരിഭാഷയുടെ ഒന്നാം വാല്യം മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. നിയമസഭാ സമുച്ചയത്തിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിലായിരുന്നു പ്രകാശന ചടങ്ങ്. ഇതിന് മുന്നോടിയായി നിയമസഭാ മ്യൂസിയത്തിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രദർശനം സ്പീക്കർ എ എൻ ഷംസീർ ഉദ്ഘാടനം ചെയ്തു.

*************************************

## മുഖ്യമന്ത്രി - വി. എസ്

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ വി. എസ് അച്യുതാനന്ദനെ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു. ശാരീരിക അസ്വസ്ഥതകളെത്തുടർന്ന് ഇന്നലെയാണ് വി. എസ് അച്യുതാനന്ദനെ ആശുപത്രിയിൽ

പ്രവേശിപ്പിച്ചത്. അദ്ദേഹത്തിൻറെ ആരോഗ്യനില തൃപ്തികരമാണെന്നാണ് ലഭിക്കുന്ന വിവരം.

******************************************

## മന്ത്രി ജി.ആർ അനിൽ - നെല്ല്

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട എസ് ബി ഐ വഴിയുള്ള പി. ആർ. എസ് വായ്പാ വിതരണം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി ജി.ആർ.അനിൽ. പലിശ സംബന്ധിച്ച് ധാരണയാകാത്തതിനാലാണ് കരാർ പുതുക്കൽ വൈകിയതെന്ന് അദ്ദേഹം പാലക്കാട് വാർത്ത സമ്മേളനത്തിൽ അറിയിച്ചു. ഏപ്രിൽ 25 വരെ പി ആർ എസ് നൽകിയ കർഷകർക്ക് വായ്പ നൽകാൻ കഴിയുന്ന രീതിയിൽ, മുൻകാല വായ്പാ തിരിച്ചടവ് സപ്ലൈകോ കാനറാ ബാങ്കിൽ നടത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

******************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

******************************************

## ആക്സിയം-4 ദൗത്യം

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള ഇന്ത്യൻ സഞ്ചാരി ശുഭാൻശു ശുക്ല ഉൾപ്പെട്ട ബഹിരാകാശ ദൗത്യം ആക്സിയം-4 നാളെ വിക്ഷേപിക്കുമെന്ന് നാസ. നാളെ ഉച്ചയ്ക്ക് 12:01 ന് നാസയുടെ ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് വിക്ഷേപണമുണ്ടാകുമെന്നാണ് വിവരം. മെയ് 29 ന് ആരംഭിക്കാനിരുന്ന ദൗത്യം സാങ്കേതിക കാരണങ്ങളാൽ മാറ്റിവെക്കുകയായിരുന്നു.

******************************************

RNU TVPM

## ഭരണഘടനാ ഹത്യ ദിവസ്

രാജ്യം നാളെ സംവിധാൻ ഹത്യ ദിവസ് അഥവാ ഭരണഘടനാ ഹത്യ ദിവസ് ആചരിക്കും. 1975 ജൂൺ 25ന് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിൻറെ സ്മരണാർത്ഥമാണ് സംവിധാൻ ഹത്യ ദിവസ് ആചരിക്കുന്നത്. അടിയന്തരാവസ്ഥ മൂലം കഷ്ടത നേരിടേണ്ടി വന്നവർക്കുള്ള ആദരവ് കൂടിയാണ് ദിനാചരണം.

******************************

## കുരുമുളക് ഗ്രാമം-ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ കഞ്ഞിക്കുഴിയിൽ ഇനി കറുത്ത പൊന്നു വിളയും. കുരുമുളക് കൃഷിയിൽ സ്വയംപര്യാപ്തതയെന്ന ലക്ഷ്യവുമായി കുരുമുളക് ഗ്രാമം പദ്ധതിക്ക് ഇവിടെ തുടക്കമായി.

**ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി ആർ. രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്)**

******************************

## കൊട്ടിയൂർ ഉത്സവം

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ സവിശേഷ ചടങ്ങായ ആലിംഗന പുഷ്പാഞ്ജലി ഇന്ന്. നാല് ആരാധനകളിൽ അവസാനത്തേതായ രോഹിണി ആരാധനയും ഇന്നാണ്. ഈ മാസം 30 വരെ ആണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം. ജൂലൈ നാലിന് തൃക്കലശാട്ടത്തോടെ വൈശാഖ മഹോത്സവം സമാപിക്കും.

******************************

RNUTVPM

## എൻഫോഴ്സ്മെൻറ് സ്ക്വാഡ്

കൊട്ടിയൂരിൽ എത്തുന്ന വാഹനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ബോട്ടിലുകൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നതായി കണ്ടെത്തിയാൽ പിഴ ചുമത്തുമെന്ന് കണ്ണൂർ ജില്ലാ എൻഫോഴ്സ്മെൻറ് സ്ക്വാഡ്. ഇത് സംബന്ധിച്ച പരാതികൾ 94 46 70 08 00 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് പൊതുജനങ്ങൾക്ക് അയക്കാവുന്നതാണ്. പിഴയുടെ 25 ശതമാനം പരാതി അയക്കുന്നവർക്ക് പാരിതോഷികമായി നൽകും.

***********************************

## നിര്യാണം - എ ലോപ്പസ്

തിരുവല്ല കടപ്ര പഞ്ചായത്ത് മുൻ പ്രസിഡൻ്റും, സിപിഐഎം മുതിർന്ന നേതാവുമായിരുന്ന എ ലോപ്പസ് അന്തരിച്ചു. 86 വയസായിരുന്നു. സംസ്കാരം നാളെ രാവിലെ 11ന് പരുമല സെൻ്റ് ഫ്രാൻസിസ് ചർച്ച് സെമിത്തേരിയിൽ. അദ്ദേഹത്തിൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

RNU TVPM

***********************************

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,053 പോയിൻറ് ഉയർന്ന് 82,950 -ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 319 പോയിൻറ് നേട്ടത്തിൽ 25,287 ലും വ്യാപാരം തുടരുന്നു . അതേസമയം സ്വർണ്ണ വിലയിൽ ഇടിവ് . പവന് 600 രൂപ താഴ്ന്ന് 73,240 രൂപയും ഗ്രാമിന് 9,155 രൂപയുമാണ് ഇന്നത്തെ വില .

***********************************

## ജൂനിയർ വനിതാ ഫുട്ബോൾ

സംസ്ഥാന ജൂനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് നാളെ കണ്ണൂരിൽ തുടക്കമാകും. ജൂലായ് ഒന്നുവരെ കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ 14 ജില്ലകളിൽ നിന്നുള്ള ടീമുകളും പങ്കെടുക്കും. നാളെ കാസർകോടും കോട്ടയവും ഏറ്റുമുട്ടും.

********************************

## സ്പോർട്സ് ആയുർവേദ പ്രത്യേക ഒപി

തൃശൂർ കുന്നംകുളം നഗരസഭയിൽ സ്പോർട്സ് ആയുർവേദ പദ്ധതിയുടെ ഭാഗമായുള്ള ഒ.പിക്ക് തുടക്കമായി. ദേശീയ ആയുഷ് മിഷന്റെയും ഗവ. ആയുർവേദ ഡിസ്പെൻസറിയുടെയും നേതൃത്വത്തിൽ നടന്നു വരുന്ന സ്പോർട്സ് ആയുർവേദ പദ്ധതി കാര്യക്ഷമമാക്കുകയാണ് ലക്ഷ്യം.എല്ലാ ബുധനാഴ്ചകളിലും കുന്നംകുളം ഗവ മോഡൽ ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ സീനിയർ ഗ്രൗണ്ടിൽ രാവിലെ ഒമ്പത് മുതൽ ഉച്ചക്ക് രണ്ട് മണിവരെയാണ് പ്രവർത്തന സമയം.

RNU TVPM

********************************

## മൻ കീ ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 29 ന് രാവിലെ 11ന്. പരിപാടിയുടെ 123-◌ാ◌ം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന്, മലയാള പരിഭാഷയും കേൾക്കാം. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 27 വരെ അറിയിക്കാവുന്നതാണ്.

********************************

## ഇഗ്നോ - ഹൈക്കോടതി

ഇഗ്നോ ബിരുദത്തിന് തുല്യതാ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് കേരള ഹൈക്കോടതി. സെറ്റ് പരീക്ഷയുടെ ഭാഗമായി ഒരു പ്രൈമറി സ്കൂൾ അധ്യാപകനിൽ നിന്നും തുല്യത സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട എൽബിഎസ് സെന്റർ ഫോർ സയൻസിൻറെ തീരുമാനം ചോദ്യം ചെയ്തുള്ള റിട്ട് ഹർജിയിലാണ് ഉത്തരവ്. ഇഗ്നോ യുജിസി അംഗീകാരമുള്ള കേന്ദ്ര സർവകലാശാല ആയതിനാൽ, ഇഗ്നോയിൽ നിന്നുള്ള കോഴ്സുകൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി.

****************************************************************************************************************************************************

******************

RNU TVPM